പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 252 **29-10-2026-ൽ മറുപടിയ്ക്ക്**

മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. സി. കെ. കാസിം

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നവർക്കായി പരീക്ഷാ പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

മറുപടി: ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ മത്സര പരീക്ഷാ പരിശീലനത്തിനായി നിലവിൽ 24 യുവജന പരിശീലനകേന്ദ്രങ്ങളും 19 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത 24 പരിശീലനകേന്ദ്രങ്ങൾക്കു പുറമേ, 5 പരിശീലനകേന്ദ്രങ്ങൾ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തുകയും അവയുടെ ഉദ്ഘാടനം 2026 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ സമയബന്ധിതമായി നിർവ്വഹിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 24 യുവജന പരിശീലന കേന്ദ്രങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 5 പരിശീലനകേന്ദ്രങ്ങളിൽ സി.സി.ടി.വി. നിരീക്ഷണ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

(സി) മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നവർക്കായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പുതുതായി 13 ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. **ഇതിൽ** 5 പരിശീലനകേന്ദ്രങ്ങളെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തുകയും അവയുടെ ഉദ്ഘാടനം **സമയബന്ധിതമായി** നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ